(ഡി) നേരത്തെ നൽകിയിരുന്നതിനേക്കാൾ വേഗതയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുവാൻ കമ്പ്യൂട്ടർ സ്ഥാപിച്ചതിനുശേഷം സാധിച്ചിട്ടുണ്ട്. ഫയൽ ജോലികൾ കുറവായതുകാരണം അപേക്ഷ ലഭിച്ചാലുടൻ തന്നെ അതു പരിശോധിച്ച് കഴിവതും നേരത്തെ സാക്ഷിപത്രങ്ങൾ നൽകുവാൻ സാധിക്കുന്നുണ്ട്. കൂടുതൽ അന്വേഷണം വേണ്ടിവരുന്നവയ്ക്ക് മാത്രമേ കാലതാമസം വരുന്നുള്ളൂ.

(ഇ) റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഉദ്യോഗസ്ഥ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് മാനേജുമെന്റ് വഴി റവന്യൂ വകുപ്പിലെ എല്ലാ ജീവനക്കാർക്കും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർ പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും പ്രവർത്തിക്കുന്ന നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ ജില്ലാ ആസ്ഥാനത്തുനിന്നും ആവശ്യമായ അവസരത്തിൽവേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വരുന്നുണ്ട്.

റവന്യൂ വകുപ്പിൽ സേവന വിതരണ യൂണിറ്റ്

5 (1944) ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ സേവന വിതരണ നയം നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി ഒരു സേവന വിതരണ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതിനുവേണ്ടി ഈ വർഷം ബഡ്ജറ്റിൽ എത്ര തുകയാണ് വക കൊള്ളിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത യൂണിറ്റിനായി നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ സേവന വിതരണ യൂണിറ്റ് രൂപീകരിച്ചിട്ടില്ല.

(ബി & സി) സർക്കാർ പരിപാടികളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിലെ സേവനം മെച്ചപ്പെടുത്തൽ "2029-00-800-80" എന്ന ശീർഷകത്തിൽ പദ്ധതി വിഹിതമായി 2003-2004 സാമ്പത്തിക വർഷത്തേയ്ക്ക് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയാൻ നടപടി

6 (1945) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ പലതും അപകടാവസ്ഥയിലാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly